(ബി) ചാക്കോ വധക്കേസ് പ്രതി സുകുമാരക്കുറുപ്പിനെ പിടിക്കാൻ രൂപീകരിച്ച സ്പെഷ്യൽ സ്ക്വാഡിനെ സംബന്ധിച്ച വിശദ വിവരങ്ങൾ വ്യക്തമാക്കാമോ;

(സി) ഒരു വർഷത്തിലധികമായി പിടികിട്ടാപുള്ളികൾ ഉള്ള കേസുകളെല്ലാം ഈ സ്പെഷ്യൽ സ്ക്വാഡിനെ ഏൽപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) സുകുമാരക്കുറുപ്പിനെ പിടിക്കാനായി മാത്രം 15.6.1986 വരെ പോലീസ് വകുപ്പിന് എന്ത് ചെലവായി?

ഉത്തരം

(എ) 2183.

(ബി) കമ്പ്യൂട്ടർസെൽ ഡി. ഐ. ജി. ശ്രീ. ലക്ഷ്മണയുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ സ്ക്വാഡിനെ നിയമിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ നിന്നും സർക്കിൾ ഇൻസ്പെക്ടർ ശ്രീ. എൻ. ഠി. മോഹൻ, കൊല്ലം, ആലപ്പുഴ ജില്ലകളിൽ നിന്നും 5 പോലീസുകാരും സ്പെഷ്യൽ സ്ക്വാഡിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) മറ്റുകേസിലെ പ്രതികളെ പിടിക്കുന്ന ചുമതല കൂടി ഏൽപ്പിക്കുന്നത് അപ്രായോഗികമാണ്.

(ഡി) ഓരോ കേസിനുമാത്രമായി കണക്കുകൾ സൂക്ഷിക്കാറില്ല.

സുകുമാരക്കുറുപ്പിനെ പിടിക്കാൻ സ്വീകരിച്ച നടപടികൾ

745 [878] ശ്രീ. ടി. എസ്. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചാക്കോവധക്കേസിൽ പ്രതിയായ സുകുമാരക്കുറുപ്പിനെ പിടിക്കുന്നതിനെന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

സുകുമാരക്കുറുപ്പിനെ കണ്ടുപിടിക്കുന്നതിന് പോലീസിന്റെ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് അന്വേഷിക്കുന്നുണ്ട്. സുകുമാരക്കുറുപ്പിനെ ഒരു കുപ്രസിദ്ധ കുറ്റവാളിയായി (proclaimed offender) പ്രഖ്യാപിക്കുകയും അയാളുടെ സ്വത്തുക്കൾ കണ്ടുകെട്ടുകയും ചെയ്തിട്ടുണ്ട്. സുകുമാരക്കുറുപ്പിനെ അറസ്റ്റു ചെയ്യുന്നതിന് സഹായകരമായ വിവരങ്ങൾ നൽകുന്ന വ്യക്തിക്ക് 5,000 രൂപയുടെ റിവാർഡും പ്രഖ്യാപിച്ചിട്ടുണ്ട്.

പോലീസ് മർദ്ദനമുറകൾ

746 [879] ശ്രീ. വി. കെ. രാജൻ:
" കെ. ടി. കണാരൻ:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കാനം രാജേന്ദ്രൻ:
ഡോക്ടർ എ. സുബ്ബറാവു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മർദ്ദനമുറകൾ പോലീസ് സ്റ്റേഷനുകളിൽ നടന്നുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly